(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർതലത്തിൽ നിലപാടുകളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

സ്പോർട്സ് ക്വാട്ട നിയമനം

31 (2847) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ട നിയമനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 2010 മുതൽ നിയമനം നടക്കാതിരിക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) സ്പോർട്സ് ക്വാട്ട നിയമനം വഴി എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-7-2014-ലെ സ.ഉ.(പി) നമ്പർ 206/14 പൊതുഭരണ പ്രകാരം സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിയമനങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സത്വരം സ്വീകരിക്കുന്നുണ്ട്.

(സി) 250 ഒഴിവുകൾ.

(ഡി) സ്വീകരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടികൾ

32 (2848) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ എത്ര പരാതികൾ ലഭിച്ചിട്ടുള്ളതെന്നും. ഇതിൽ എത്ര എണ്ണത്തിൽ അന്തിമ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒന്നാംഘട്ട (2011) ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 5,50,001 പരാതികളിൽ 5,33,556 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. രണ്ടാംഘട്ട (2013) ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 3,21,019 പരാതികളിൽ 3,20,803 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. മൂന്നാംഘട്ട (കരുതൽ 2015) ജനസമ്പർക്ക പരിപാടിയിൽ 3,76,72 പരാതികളാണ് ലഭിച്ചത്. ആയതിൽ നാളിതുവരെ 1,29,228 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി യഥാക്രമം 4,42,64,737, 4,84,62,527 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയുടെ ചെലവ് സംബന്ധിച്ച് അന്തിമ കണക്ക് ലഭ്യമായിട്ടില്ല

മുഖ്യമന്ത്രി ഉപയോഗിക്കുന്ന മൊബൈൽ ഫോണുകൾ

33 (2849) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിക്ക് സർക്കാർ നൽകിയ മൊബൈൽ ഫോൺ ഉപയോഗിക്കാറുണ്ടോ ; എന്നുമുതലാണ് ഉപയോഗിച്ചുതുടങ്ങിയത് ; അതിനുമുമ്പ് യാത്രാവേളകളിലും ഓഫീസിലും മുഖ്യമന്ത്രി ഉപയോഗിച്ചു പോന്നിരുന്ന മൊബൈൽ ഫോൺ ഏതായിരുന്നു ;

(ബി) നിലവിൽ മുഖ്യമന്ത്രി ഉപയോഗിക്കുന്ന മൊബൈൽ ഫോണുകൾ ഏതൊക്കെയാണ് ; അതിൽ സർക്കാർ നൽകിയത് ഏത് ; മൊബൈൽ ചാർജ്ജ് ഇനത്തിൽ ഇതിനകം മുഖ്യന്ത്രിക്ക് വേണ്ടി ചെലവായ തുക എത്ര ?

ഉത്തരം

(എ) ഉണ്ട്. ജനുവരി 2014 മുതലാണ് ഉപയോഗിച്ചു തുടങ്ങിയത്. ഇതിനുമുമ്പ് ഔദ്യോഗിക ഫോൺ വാങ്ങിയിരുന്നില്ല.

(ബി) നിലവിൽ സർക്കാർ 9447033333 എന്ന മൊബൈൽ ഫോൺ അനുവദിച്ചുനൽകിയിട്ടുണ്ട്. ഫോണിന് മെയ് 2015 വരെ, 16,500 രൂപ മൊബൈൽ ചാർജ്ജിനത്തിൽ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെ വിദേശയാത്ര

34 (2850) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly